"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 27-08-2024

**സർക്കുലർ നം 23**

ബഹു.സുപ്രീം കോടതിയുടെ Special Leave to Appeal (Crl.No.529/2021) പ്രകാരം ജയിലുകളിൽ കഴിയുന്ന തടവുകാരുടെ ലീഗൽ എയ്ഡ് സംബന്ധമായ വിവരങ്ങൾ, ജാമ്യം ലഭിച്ചിട്ടും ജാമ്യ വ്യവസ്ഥകൾ പാലിക്കാനാകാതെ ജയിലിൽ തന്നെ കഴിയുന്ന തടവുകാരുടെ വിവരങ്ങൾ, Premature Release എന്നിവ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള മൊഡ്യൂൾ ഇപ്രിസൺസിൽ അപ്ഡേറ്റ് ചെയ്തിട്ടുള്ളതും ആയതുമായി ബന്ധപ്പെട്ട SOP (Standard Operating Procedure )ടെക്നിക്കൽസെൽ 23/06/2023 ന് മെയിൽ മുഖാന്തിരം എല്ലാ ജയിൽ സ്ഥാപങ്ങൾക്കും നല്കിയിട്ടുള്ളതാണ്. കൂടാതെ ഉദ്യോഗസ്ഥർക്ക് അവബോധം നൽകുന്നതിനായി ഒരു ഓൺലൈൻ മീറ്റിംഗ് ജയിലാസ്ഥാന കാര്യാലയം ഡി.ഐ.ജി യുടെ അദ്ധ്യക്ഷതയിൽ സംഘടിപ്പിക്കുകയും ബന്ധപ്പെട്ട മൊഡ്യൂളുകളുടെ അപ്ഡേഷൻ സംബന്ധിച്ച ട്രെയിനിംഗ് നൽകുകയും ചെയ്തിരുന്നു. നിലവിൽ ജാമ്യ വ്യവസ്ഥകൾ പാലിക്കാനാകാതെ ജയിലിനുള്ളിൽ കഴിയുന്ന തടവുകാരുടെ വിശദശാംശങ്ങൾ, ആയതിൽ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതി SUO MOTO Writ Petition (867/2024) ആയി ഫയലിൽ സ്വീകരിക്കുകയും ആയതിന്റെ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ എല്ലാ സ്ഥാപനങ്ങളും ടി വിവരങ്ങൾ സമയബന്ധിതമായി തന്നെ ഇ-പ്രിസൺസ് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ടതും SOP പ്രകാരം പാലിക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന വിവരം അറിയിക്കുന്നു. ബഹു.സുപ്രീം കോടതി, ഹൈക്കോടതി തുടങ്ങി മേൽ കോടതികൾ കൃത്യമായ നിർദ്ദേശം നൽകുകയും ,മീറ്റിങ് സംഘടിപ്പിക്കുകയും, റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ അടിയന്തിര പ്രാധാന്യം നൽകി ഇ-പ്രിസൺസിൽ കൃത്യമായ ഡേറ്റാ എൻട്രി നടത്തേണ്ടതാണെന്ന വിവരം അറിയിക്കുന്നു. കൂടാതെ ഇനി മുതൽ ജയിലുകളിൽ അഡ്മിഷൻ വരുന്ന തടവുകാരെ ICJS മുഖാന്തിരം അഡ്മിഷൻ എടുക്കുന്നതിന് എല്ലാ സ്ഥാപന മേധാവികളും ശ്രദ്ധിക്കേണ്ടതാണ് എന്ന വിവരം അറിയിക്കുന്നു.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസിനു വേണ്ടി

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും.

പകർപ്പ് : മേഖലാ ഡി.ഐ.ജിമാർ (ദക്ഷിണ/മദ്ധ്യ/ഉത്തര മേഖല)
സൂപ്രണ്ട്, ജനറൽ സെക്ഷൻ
കരുതൽ ശേഖരം